## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2192 — 01.02.2018 — ൽ മറുപടിക്ക്

# ഇ-പോസ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻ സംവിധാനം കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി, റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇ-പോസ് സംവിധാനത്തിന്റെ മേന്മകൾ വിശദമാക്കുമോ;<br><br>(സി) റേഷൻ സംവിധാനം കുറ്റമറ്റതാക്കുന്നതിന് ഈ സംവിധാനം എത്രത്തോളം ഫലപ്രദമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻകാർഡ് നമ്പർ നൽകുമ്പോൾ തന്നെ കാർഡിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് വഴിയോ, ഐറിസ് വഴിയോ യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അവർക്കു തന്നെ റേഷൻ സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തൻമാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദ രൂപത്തിൽ മേൽ വിവരങ്ങൾ അറിയുന്നതിനും സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കുകയും ചെയ്യും. ഓരോ റേഷൻ ഇടപാട് വിവരവും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നതാണ്. ഈ രീതിയിൽ റേഷൻ കടകളിലൂടെയുള്ള വിതരണം പൂർണ്ണമായും സുതാര്യമാക്കാൻ സാധിക്കും. |

| | |
|---|---|
| (ഡി) ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് വേണ്ടി വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഏകദേശം 55 കോടി രൂപയോളം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

*സെക്ഷൻ ഓഫീസർ*